ചേർക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ വിദേശരാജ്യങ്ങളിൽ നടത്തുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുന്നതിനും അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ആലോചനയുണ്ട്. ബഹ്റിനിൽ ഇതിനകം നോർക്കയുടെ ഹെൽപ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്. നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള പ്രവാസി ക്ഷേമ പദ്ധതികളെക്കുറിച്ച് പ്രവാസി മലയാളികൾക്ക് വിവരം നൽകുക, അപേക്ഷകൾ സ്വീകരിക്കുക തുടങ്ങിയ സേവനങ്ങളാണ് ഹെൽപ് ഡെസ്ക് വഴി നൽകിവരുന്നത്.

(സി) പ്രവാസി തിരിച്ചറിയൽ/ഇൻഷ്വറൻസ് കാർഡിനൊപ്പം ഇപ്പോൾ നൽകിവരുന്നത് അപകട ഇൻഷ്വറൻസ് ആനുകൂല്യമാണ്. ഇത് സ്വാഭാവിക മരണങ്ങൾക്കുകൂടി ബാധകമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജി.സി.സി. രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുടെ സേവനം

109 (3077) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും കൂടുതൽ മലയാളികൾ ജോലി ചെയ്യുന്ന ജി.സി.സി. രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽനിന്നും അവരർഹിക്കുന്ന തരത്തിലുള്ള സേവനങ്ങൾ പലപ്പോഴും ലഭിക്കുന്നില്ലെന്ന പരാതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പലതരത്തിലുള്ള നിയമക്കുരുക്കിൽപ്പെട്ട് എംബസികളുടെ സേവനം ആവശ്യമാകുന്ന മലയാളികളുടെ സേവനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളായി എംബസികളിൽ ജീവനക്കാരെ നിയമിക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുമോ ?

ഉത്തരം

(എ) സേവനങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ത്യൻ എംബസികളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ എംബസികളിൽ നിയമനം നടത്തുമ്പോൾ മലയാളികളായ ഉദ്യോഗസ്ഥരെ പരമാവധി നിയമിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

എംബസികൾ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. അവിടെ ഒരു സംസ്ഥാന സർക്കാരിന്റെ മാത്രം പ്രതിനിധികളെ ജീവനക്കാരായി നിയമിക്കുന്നതിന് നിർദ്ദേശിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനുള്ള പദ്ധതി

110 (3078) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേക്കായി പ്രവാസി നിയമസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി) പദ്ധതി നടപ്പാക്കുന്നതിനായി എംബസിയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. എംബസിയുടെ സഹകരണത്തോടെ ലീഗൽ അസിസ്റ്റൻസ് അർഹരായവർക്ക് ലഭ്യമാക്കുന്നതാണ് പദ്ധതി. പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly